# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 15903/AD A3/4/2019/ADMIN തീയതി. 18.05.2019

സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നത് സംബന്ധിച്ച തുടർമാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ച് സർക്കാർ സ.ഉ.(കൈ)നം. 77/2019/പൊ.ഭ.വ. തീയതി 06.05.2019 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ (i/c) ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

MANOJ KUMAR K S
ASSISTANT REGISTRAR I ADMINISTRATION
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ എഫ് ഒ സി ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി., മഹാത്മാഗാന്ധി സർവകലാശാല
5. പി.ആർ.ഒ/സിറ്റാഡ്/സി.എം.എസ്(വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിനായി)
6. എഫ്.സി.സി./എ.സി.സി./ഫിനാൻസ് I / IV / ഓഡിറ്റ് I / IV / ഐ.ക്യു.എ.സി.
7. എഡി എ I /എഡി എ II /എഡി എ IV /എഡി എ V /എഡി സി. I/II/III
8. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

Draft #1 of File 15903/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I ADMINISTRATION on 18-May-2019 04:29 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം - സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ , ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നത് സംബന്ധിച്ച തുടർമാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(കൈ)നം.77/2019/പൊഭവ. തീയതി, തിരുവനന്തപുരം,06-05-2019

---

പരാമർശം- 1)സ.ഉ(എം.എസ്) 108/18/പൊഭവ, തീയതി 18/05/2018
2)സ.ഉ(സാധാ) 7637/18/പൊഭവ, തീയതി 22/11/2018
3)സ.ഉ(സാധാ) 8153/18/പൊഭവ, തീയതി 17/12/2018

**ഉത്തരവ്**

ഭരണനവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാരുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനുമായി എല്ലാ സർക്കാർ ഓഫീസുകളിലും സ്പാർക്കുമായി ബന്ധിപ്പിച്ചുകൊണ്ട് ബയോമെട്രിക്ക് ഫിംഗർപ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) നടപ്പിലാക്കാൻ നിർദ്ദേശിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ആയത് എപ്രകാരം നടപ്പിലാക്കണമെന്നത് സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിനായി പരാമർശം 2,3 എന്നിവ പ്രകാരം ടേംസ് ഓഫ് റഫറൻസ് ഉണ്ടാക്കുകയും ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാനത്തെ ഓഫീസുകളിൽ ചുവടെപ്പറയും പ്രകാരം ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) സ്പാർക്ക് മുഖേന ശമ്പളം ലഭിക്കുന്ന എല്ലാ സർക്കാർ ഓഫീസുകളിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആധാർ അധിഷ്ഠിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം സ്ഥാപിക്കേണ്ടതാണ്.

രജിസ്ട്രാർ (i/c)

2) എൻ.ഐ.സിയുടെ attendance.gov.in എന്ന വെബ്സൈറ്റിൽ പരാമർശിച്ചിട്ടുള്ള UIDAI യുടെ അംഗീകാരമുള്ള ആധാർ അധിഷ്ഠിത ബയോമെട്രിക്ക് അറ്റൻഡൻസ് സംവിധാനം സ്ഥാപിക്കേണ്ടതും ഇതിനുള്ള software link എൻ.ഐ.സി ലഭ്യമാക്കുന്നതുമാണ്.

3) വകുപ്പുകൾക്ക് /സ്ഥാപനങ്ങൾക്ക് മേൽപ്പറയും പ്രകാരമുള്ള മെഷീനുകൾ നേരിട്ടോ കെൽട്രോൺ മുഖേനയോ വാങ്ങി സ്ഥാപിക്കേണ്ടതാണ്

4) പഞ്ചിംഗ് സംവിധാനം സ്ഥാപിക്കുന്നതിനായി സോഫ്റ്റ് വെയർ സംബന്ധിച്ച ട്രെയിനിംഗ് നൽകുന്നതിന് ഓരോ ജില്ലയിലെയും കെൽട്രോണിന്റെ ഓരോ ഉദ്യോഗസ്ഥരെ ട്രെയിനർമാരായി മാനേജിംഗ് ഡയറക്ടർ കെൽട്രോൺ നിയമിക്കേണ്ടതാണ്. കൂടാതെ എല്ലാ ജില്ലകളിലും 2 പേരെ മാസ്റ്റർ ട്രെയിനർമാരായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിയമിക്കേണ്ടതുമാണ്.

5) പഞ്ചിംഗ് സ്ഥാപിക്കുന്നതിനാവശ്യമായ ചെലവ് അതാത് വകുപ്പുകൾ അവരവരുടെ നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്.

6) സംസ്ഥാന വ്യാപകമായി പഞ്ചിംഗ് മെഷീൻ സ്ഥാപിക്കുന്നതിന്റെ പുരോഗതി ഐ.റ്റി മിഷൻ നിരീക്ഷിക്കുന്നതാണ്.

7) മെഷീനുകൾക്ക് ആവശ്യമായ ആപ്ലിക്കേഷൻ, ട്രെയിനിംഗ് എന്നിവ എൻ.ഐ.സി നൽകേണ്ടതാണ്.

8) മെഷീനുകൾ സ്ഥാപിക്കുന്ന മുറയ്ക്ക് സ്പാർക്കിൽ ലീവ്, ഒ.ഡി തുടങ്ങിയവ സംബന്ധിച്ച ക്രമീകരണങ്ങൾ എൻ.ഐ.സി വരുത്തേണ്ടതാണ്.

9) **എല്ലാ വകുപ്പുകളിലും 6 മാസത്തിനകവും സിവിൽ സ്റ്റേഷനുകളിൽ 3 മാസത്തിനകവും സ്പാർക്ക് ബന്ധിത ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കേണ്ടതാണ്.**

10) സ്പാർക്ക് സംവിധാനം നിലവിലില്ലാത്ത ഓഫീസുകളിൽ സ്വതന്ത്രമായി GEM വഴി ബയോമെട്രിക് മെഷീനുകൾ വാങ്ങി അറ്റൻഡൻസ് മാനേജ്മെന്റ് സംവിധാനം സ്ഥാപിക്കേണ്ടതും മേലധികാരികൾ ജീവനക്കാരുടെ ഹാജർ നിരീക്ഷിക്കേണ്ടതുമാണ്.

11) ഓരോ വകുപ്പിലും വകുപ്പിനു കീഴിൽ വരുന്ന എല്ലാ ഓഫീസുകളിലും സ്ഥാപനങ്ങളിലും പഞ്ചിംഗ് സംവിധാനം കൃത്യമായി നടപ്പിലാക്കേണ്ട പൂർണ്ണ ചുമതല അതാത് വകുപ്പ് സെക്രട്ടറിമാർക്കും, വകുപ്പ് മേധാവിക്കുമായിരിക്കുന്നതാണ്.

12) ബയോമെട്രിക്ക് സംവിധാനത്തിൽ എല്ലാത്തരം സ്ഥിരം ജീവനക്കാരെയും നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്

13) ഇതു സംബന്ധിച്ച സംശയങ്ങൾക്കും സഹായങ്ങൾക്കുമായി NIC, Spark എന്നിവരുമായി ബന്ധപ്പെടാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്കും
സീനിയർ ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, കേരള സ്റ്റേറ്റ് സെന്റർ, CDAC ബിൽഡിംഗ്, വെള്ളയമ്പലം, തിരുവനന്തപുരം.
സീനിയർ കൺസൾട്ടന്റ്, സ്റ്റേറ്റ് ഗവർണൻസ് മിഷൻ ടീം, കേരള സ്റ്റേറ്റ് IT മിഷൻ, വെള്ളയമ്പലം
മാനേജർ, സ്പാർക്ക്, TC 25/3436/(37), ഉപ്പളം റോഡ്, തിരുവനന്തപുരം - 695 001
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ. സെക്യൂരിറ്റി & സർവൈലൻസ് ഗ്രൂപ്പ്, കരകുളം, തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ- 680 596
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പ് ഓഫീസ്, പൂക്കോട്, വയനാട്
കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്, കൊച്ചി
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(മാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന്)
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ